ഉത്തരം

(എ ആന്റ് ബി) 15-8-1998 മുതൽ 15-8-1999 വരെയുള്ള കാലയളവിൽ 179 ദിവസം താൽക്കാലിക സർവ്വീസ് പൂർത്തിയാക്കിയ വികലാംഗ ജീവനക്കാർക്ക് സ്ഥിരം നിയമനം നൽകുന്ന കാര്യം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള നടപടി ക്രമങ്ങൾ തുടർന്നുവരുന്നു.

(സി) ഇതുവരെ ലഭ്യമായ കണക്കനുസരിച്ച് 536 പേർക്ക് ആനുകൂല്യം ലഭിക്കാൻ സാദ്ധ്യതയുണ്ട്.

വികലാംഗരായ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

63 [517] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യത്തിന്റെ 50-ാം വാർഷികത്തിൽ വികലാംഗരായ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച പ്രഖ്യാപനം നടപ്പിൽ വരുത്തുവാൻ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) ഇതു സംബന്ധിച്ച ഉത്തരവു പുറപ്പെടുവിക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ഏതു തീയതിവരെ താൽക്കാലിക സർവ്വീസിലുണ്ടായിരുന്നവരെ സ്ഥിരപ്പെടുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്വാതന്ത്ര്യത്തിന്റെ 50-ാം വാർഷികത്തിൽ വികലാംഗരായ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന്റെ ഭാഗമായി 1-1-1997 മുതൽ 31-12-1997 വരെയുള്ള കാലയളവിൽ താൽക്കാലിക നിയമനം ലഭിച്ച വികലാംഗരെ സർവ്വീസിൽ തുടരാനനുവദിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ട് 28-9-1998-ൽ ജി.ഒ.(പി) 32/98/ഉ.ഭ.പ.വ. ഉത്തരവും തുടർന്ന് 1-1-1998 മുതൽ 14-8-1998 വരെയുള്ള കാലയളവിൽ നിയമനം ലഭിച്ച വികലാംഗരെക്കൂടി സർവ്വീസിൽ തുടരാൻ അനുവദിച്ചുകൊണ്ട് 17-5-1999-ൽ ജി.ഒ.(പി) 10/99/ഉ.ഭ.പ.വ. ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് 13-10-1999-ലെ ജി.ഒ.(പി) 18/99/ഉ.ഭ.പ.വ. ഉത്തരവിലൂടെ 1-1-1997 മുതൽ 14-8-1998 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി താൽക്കാലിക നിയമനം ലഭിച്ച എല്ലാ വികലാംഗരേയും സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഹൈക്കോടതി സ്റ്റേ നിലവിൽ വന്ന സാഹചര്യത്തിൽ സ്ഥിരപ്പെടുത്തൽ ഉത്തരവ് നടപ്പിലാക്കാൻ കാലതാമസം നേരിട്ടു.

LIBRARY ARCHIVES Kerala Legislative Assembly

(സി) 15-8-1998 മുതൽ 15-8-1999 വരെയുള്ള കാലയളവിൽ താൽക്കാലിക സർവ്വീസിലുണ്ടായിരുന്നവരും 179 ദിവസം ജോലി ചെയ്തിട്ടുള്ളവരുമായ വികലാംഗർക്ക് സർക്കാർ സർവ്വീസിൽ സ്ഥിരം നിയമനം നൽകുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

അനാഥശാലകൾക്ക് ഗ്രാന്റ്

64 [518] ശ്രീ. യു. സി. രാമൻ:
,, വി. കെ. ഇബ്രാഹിം കുഞ്ഞ്:
,, ടി. പി. എം. സാഹിർ:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനാഥശാലകൾക്ക് സർക്കാർ ഗ്രാന്റ് നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഒരു കുട്ടിക്ക് എത്ര രൂപയാണ് ഗ്രാന്റ് നൽകുന്നത്;

(സി) എന്നുവരെയുള്ള ഗ്രാന്റ് തുകയാണ് വിതരണം ചെയ്തത്;

(ഡി) അനാഥശാലകൾക്കുള്ള ഗ്രാന്റ് വർദ്ധിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ഇത് എന്നു മുതൽ പ്രാബല്യത്തിൽ വരും എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകരിച്ചതും സർക്കാർ അനുമതി നൽകിയിട്ടുള്ളതുമായ അനാഥശാലകളിലെ അന്തേവാസികൾക്ക് ഗ്രാന്റ് നൽകി വരുന്നു.

(ബി) ഒരു കുട്ടിയ്ക്ക് പ്രതിമാസം 125 രൂപ നിരക്കിൽ ഗ്രാന്റ് നൽകുന്നുണ്ട്.

(സി) 2001-2002 വർഷം വരെയുള്ള തുക വിതരണം ചെയ്തു. കുടിശ്ശിക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ) ബാധകമല്ല.

(എഫ്) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly